# ശ്രീ പിഷാരികാവ് ദേവസ്വം
(മലബാർ ദേവസ്വം ബോർഡ്)

പി.ഒ. കൊല്ലം, കൊയിലാണ്ടി, കോഴിക്കോട്, പിൻ: 673307,ഫോൺ: 0496 2620568

www.pisharikavukollam.in, pisharikavukollam@gmail.com, mobile: 8281152113


പി.ഡി.07/26 18.01.2026

## വൈറ്റ് വാഷ് & പെയിന്റിങ്ങ് ക്വട്ടേഷൻ

ശ്രീ പിഷാരികാവ് ക്ഷേത്രവും (നാലമ്പലം ഒഴികെ) അനുബന്ധ കെട്ടിടങ്ങളും, സ്ഥലങ്ങളും, സസ്യ ഭോജനശാല കെട്ടിടം, പീടിക മുറി, ദേവസ്വം എൽ.പി സ്കൂൾ കെട്ടിടം, കവാടങ്ങൾ എന്നിവ വെള്ളവലി പെയിന്റിങ്ങ് ചെയ്യുന്നതിനാവശ്യമായ സാധനങ്ങൾ കരാറുകാരൻ നേരിട്ട് വാങ്ങി പ്രവൃത്തിചെയ്യുന്നതിന് സാധന വിലയും കൂലിയുമുൾപ്പെടെ എന്ത് ചാർജിന് ചെയ്തു തരും എന്ന് കാണിച്ചു കൊണ്ടുള്ള സീലു വെച്ച ക്വട്ടേഷനുകൾ 2026 ജനുവരി 27 ന് രാവിലെ 11.00 മണിക്ക് മുൻപ് ലഭിക്കത്തക്ക വിധത്തിൽ പ്രവൃത്തി ചെയ്തു പരിചയമുള്ള ആളുകളിൽ നിന്നും ക്ഷണിച്ചു കൊള്ളുന്നു. ക്വട്ടേഷനുകൾ അന്നേ ദിവസം രാവിലെ 11.30 മണിക്ക് സന്നിഹിതരായവരുടെ സാന്നിദ്ധ്യത്തിൽ തുറന്ന് സ്ഥിരപ്പെടുത്തുന്നതാണ്. ക്വട്ടേഷനിൽ പങ്കെടുക്കുന്ന ആളുകൾ 5000 രൂപ നിരത ദ്രവ്യം കെട്ടി വെക്കേണ്ടതാണ്. ക്വട്ടേഷൻ കവറിനു മുകളിൽ ഏത് ക്വട്ടേഷനാണെന്ന് രേഖപ്പെടുത്തിയിരിക്കണം

### പ്രവൃത്തി സംബന്ധിച്ച വിശദ വിവരങ്ങൾ താഴെ കാണിക്കുന്നു.

ക്വട്ടേഷൻ ലഭിക്കുന്ന ആൾ ശ്രീ പിഷാരികാവ് ക്ഷേത്രത്തിലെ ശ്രീകോവിലുകൾ, മണ്ഡപം, പള്ളിയറ, നടപ്പന്തലുകൾ, തറകൾ, ചുറ്റുമതിൽ, ഏവറോട്ട, വഴിവാട് കൗണ്ടർ, വിശ്രമ മന്ദിരം, ഓഫീസ് കെട്ടിടം, സസ്യഭോജനശാല (താഴെ ഭാഗവും, മുകൾ ഭാഗവും, ഷട്ടറുകൾ ഉൾപ്പെടെ) ഷോപ്പ് ബിൽഡിങ്ങ് (ഷട്ടറും, സൺഷെയ്ഡും ഉൾപ്പെടെ) കാവ് മതിലിന്റെ പുറം (കാഴ്ച ഭാഗങ്ങൾ), കവാടങ്ങൾ (കൊല്ലം, ആനക്കുളങ്ങര, കൊല്ലം ചിറ) ദേവസ്വം എൽ.പി സ്കൂൾ കെട്ടിടം (മതിലുകൾ ഉൾപ്പെടെ) തുടങ്ങിയ കെട്ടിടങ്ങളും സ്ഥലവും വെള്ളവലി, പെയിന്റിങ്ങ്, പോളീഷ്, വാർണീഷ് എന്നിവ ചെയ്യലും, പത്തായപ്പുരയുടെ ചുമരുകൾ വൈറ്റ് എമൽഷൻ പെയിന്റും താഴത്തെയും മുകളിലെയും വരാന്തയിലെ സ്റ്റീൽനെറ്റുകൾ ഇനാമൽ പെയിന്റും, പത്തായപ്പുരയുടെ കട്ടിളയും വാതിലും പോളീഷ് ചെയ്യലുമാണ് പ്രവർത്തി. ശിവ ശ്രീകോവിലിന്റെ തറ കറുപ്പ് ഇനാമൽ പെയിന്റും, ശിവ ഭഗവതി ഗണപതി അയ്യപ്പ ശ്രീകോവിലുകളുടേയും, ഗുരുതിപ്പുരയുടേയും ചുമരുകൾ ചുണ്ണാമ്പ് ഉപയോഗിച്ച് വെള്ള വലിക്കുകയും ഭഗവതി ശ്രീകോവിലിന്റെ സോപാനത്തിന് മുകൾ ഭാഗത്തെ നവഗണ്ഡ തട്ടിനും, അതിലെ രൂപങ്ങൾക്കും, ഇരു പുറത്തുമുള്ള ദ്വാരപാലകന്മാർക്കും, നാലു ഭാഗത്തുമുള്ള മരത്തിന്റെ ജാളികളും ഗണപതി അയ്യപ്പ ശ്രീകോവിലുകളുടെ കട്ടിള, വാതിൽ എന്നിവയും ഭഗവതി ശ്രീകോവിലിന്റെ രണ്ടു ഭാഗത്തുമുള്ള മുഖാരങ്ങളും, ക്ലിയർ വാർണീഷും പെയിന്റും ചെയ്യേണ്ടതാണ്. കാരണവർ തറ,

പള്ളിയറ, ചെട്ടിത്തറ, ഏവറോട്ട, പത്തായപ്പുര, നടപ്പന്തലുകൾ, വഴിവാട് കൗണ്ടർ, വിശ്രമ മന്ദിരം, സസ്യഭോജനശാല കെട്ടിടം (താഴെ ഭാഗവും മുകൾ ഭാഗവും, ഷട്ടറുകളും ഗ്രില്ലുകളും ഉൾപ്പെടെ) ഷോപ്പ് ബിൽഡിങ്ങ് (ഷട്ടറും, സൺഷെയ്ഡും ഉൾപ്പെടെ) കാവ് മതിലും (കാഴ്ച ഭാഗങ്ങൾ) ഗേറ്റും, കാവിലെ കിണർ, പമ്പ് ഹൗസ്, അരിക്കളം, കാളിയാട്ട പറമ്പിലെ കിണർ, വേപ്പിൻ തറ, ആൽത്തറ, അരയാൽ തറ തുടങ്ങിയവയും മുൻ കാലങ്ങളിൽ ചെയ്തു വരാറുള്ള മറ്റ് സ്ഥലങ്ങളിലും വെള്ളവലി, പെയിന്റിങ്ങ്, വാർണീഷ്, പോളീഷ് എന്നിവ ചെയ്യലും ഏവറോട്ട, വിശ്രമ മന്ദിരം, വഴിവാട് കൗണ്ടർ, ഓഫീസ് കെട്ടിടം, എന്നിവിടങ്ങളിലെ ഓടിന് ടെറാകോട്ട ടൈൽ ഗാഡ് എമൽഷൻ പെയിന്റ് ചെയ്യലും, ചുറ്റുമതിലിന്റെ തൂണുകൾക്ക് മെറ്റാലിക് കോപ്പർ എമൽഷൻ പെയിന്റും, കൈവരിക്ക് M.R.F ഗോൾഡ് പെയിന്റും ഗെയ്റ്റുകൾക്ക് മാറ്റ് പെയിന്റും ചുറ്റുമതിലിന്റെ കരിങ്കല്ലിന് ക്ലീൻ ചെയ്ത് ക്ലിയർ വാർണീഷും, വടക്ക് ഭാഗത്തെ അരയാൽ തറ ക്ലീൻ ചെയ്ത് ക്ലിയർ വാർണീഷും ചെയ്യണം. തേങ്ങാകൂടിന്റെ ഗ്രില്ലുകൾ, ദേവസ്വം സ്ട്രീറ്റ് ലൈറ്റിന്റെ പോസ്റ്റുകൾ, ഇരുമ്പ് ഏണി, ഹർബാനകൾ എന്നിവ ഇനാമൽ പെയിന്റ് ചെയ്യുകയും വേണം. ഭണ്ഡാരങ്ങൾ പെയിന്റ് ചെയ്ത് നമ്പർ ഇടുകയും എഴുതുകയും വേണം. കവാടങ്ങൾ മൂന്ന് എണ്ണം (കൊല്ലം, ആനക്കുളം, കൊല്ലം ചിറ), കിഴക്കേ നട ഗോപുരം, കിഴക്കേ ആൽതറ, മണിമണ്ഡപം എന്നിവ നിലവിലുള്ള അതേ വിധത്തിലും, നിറത്തിലും തനിമ നഷ്ടപ്പെടുത്താതെ പെയിന്റ് ചെയ്യുകയും വേണം.

മേൽ പ്രവൃത്തികൾ ചെയ്യുന്നതിന് ഏഷ്യൻ/ബർജർ ഇവയിൽ ഏതെങ്കിലും കമ്പനിയുടെ പെയിന്റ് മാത്രമേ ഉപയോഗിക്കാൻ പാടുള്ളൂ. ഉപയോഗിക്കുന്ന സാധനങ്ങൾ ദേവസ്വം അധികൃതരെ കാണിച്ച് ബോദ്ധ്യപ്പെടുത്തേണ്ടതാണ്. പ്രവൃത്തി 15.03.2026 ന് മുൻപ് തൃപ്തികരമായി പൂർത്തിയാക്കേണ്ടതാണ്. പ്രവൃത്തിയുടെ ചാർജിൽ നിന്നും ഒരു ശതമാനം ഇൻകം ടാക്സ് ഈടാക്കുന്നതാണ്. പ്രവൃത്തി സംബന്ധിച്ച് ദേവസ്വത്തിൽ നിന്നുള്ള അതാത് സമയത്തെ നിർദ്ദേശങ്ങൾ പാലിക്കുവാൻ പ്രവൃത്തി ഏറ്റെടുത്തവർ ബാധ്യസ്ഥരാണ്. ക്വട്ടേഷൻ ലഭിക്കുന്ന ആൾ ദേവസ്വം നിർദ്ദേശിക്കുന്ന നിബന്ധനകൾ 200 രൂപയുടെ മുദ്രപത്രത്തിൽ ഉടമ്പടി വെക്കേണ്ടതാണ്.

(ഒപ്പ്)
എക്സിക്യൂട്ടീവ് ഓഫീസർ
ശ്രീ പിഷാരികാവ് ദേവസ്വം

കോപ്പികൾ.

1. നോട്ടീസ്സ് ബോർഡ്.
2. ദേവസ്വം വെബ്സൈറ്റ്.
3. അധികം.